പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 910 08.03.2012 ൽ മറുപടിയ്ക്ക്

**നെയ്യാറ്റിൻകര താലൂക്കിൽപ്പെടുന്ന അമരവിള സബ് രജിസ്ട്രാർ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ.സെൽവരാജ് | | ശ്രീ.ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | നെയ്യാറ്റിൻകര താലൂക്കിൽപ്പെടുന്ന അമരവിള സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത് തകർന്ന് വീഴാറായ വാടക കെട്ടിടത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പ്രസ്തുത കെട്ടിടം പഴക്കമേറിയതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വില്ലേജുകളാണ് പ്രസ്തുത രജിസ്ട്രാർ ഓഫീസിന്റെ അധികാരപരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ചെങ്കൽ, കൊല്ലയിൽ എന്നീ വില്ലേജുകൾ. |
| (സി) | പ്രസ്തുത ഓഫീസിന്റെ പരിധിയിൽ വരുന്ന ചെങ്കൽ വില്ലേജിൽ ഗ്രാമപഞ്ചായത്ത് വക വാടകരഹിത കോൺക്രീറ്റ് | (സി) ഇല്ല. |

കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നിവേദനം ലഭ്യമായിട്ടുണ്ടോ ;

| | | | |
|---|---|---|---|
| (ഡി) | ജീവനക്കാർക്കും മാന്യ ഇടപാടുകാർക്കും വളരെ സൗകര്യപ്രദമായതും, ദേശീയ പാത 47 ഉദിയൻകുളങ്ങര, ചെങ്കൽ വില്ലേജിൽപ്പെട്ടതുമായ പഞ്ചായത്ത് വക വാടക രഹിത കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ആഫീസ് പ്രവർത്തനത്തിന് സൗകര്യപ്രദമായ കെട്ടിടം ലഭിക്കുന്ന പക്ഷം ആഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, അമരവിള സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി, ചെങ്കൽ വില്ലേജിൽ, ബ്ളോക്ക് നം.43 ൽ റീ.സ.110/11 - ൽ ഉൾപ്പെട്ട 10 സെന്റ് പഞ്ചായത്ത് വക സ്ഥലം, രജിസ്ട്രേഷൻ വകുപ്പിന് കൈമാറികിട്ടുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

Reena

സെക്ഷൻ ഓഫീസർ